# Std. 4 - Chapter 12 - Revision - Main points

## പാഠം 12 — തിരുപ്പട്ടം

| | ചോദ്യം | ഉത്തരം |
|---|---|---|
| **A** | **ചോദ്യങ്ങളും ഉത്തരങ്ങളും** | |
| 1 | ഈശോ തന്റെ പരസ്യജീവിതത്തിന്റെ ആരംഭത്തിൽ എത്ര പേരെയാണ് നിയോഗിച്ചത്? | പന്ത്രണ്ടുപേരെ. |
| 2 | എന്തിനുവേണ്ടിയാണ് ഈശോ പന്ത്രണ്ടുപേരെ നിയോഗിച്ചത്? | തന്നോടുകൂടെ ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയക്കുന്നതിനും പിശാചുക്കളെ ബഹിഷ്കരിക്കുവാൻ അധികാരം നൽകുന്നതിനും. |
| 3 | ഈശോയ്ക്കും തിരുസഭയ്ക്കും വേണ്ടി ശുശ്രൂഷ ചെയ്യാൻ സമ്പൂർണ്ണമായി സമർപ്പിക്കപ്പെട്ടവർ ആരാണ്? | പുരോഹിതർ. |
| 4 | **1. ആരാണ് പുരോഹിതർ?** | ജനങ്ങളിൽ നിന്ന് ജനങ്ങൾക്കുവേണ്ടി പ്രത്യേകമായി തെരഞ്ഞെടുക്കപ്പെട്ട് നിയോഗിക്കപ്പെടുന്ന വ്യക്തിയാണ് പുരോഹിതൻ. ഈശോയാൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരും ഈശോയ്ക്കും സഭയ്ക്കും വേണ്ടി ശുശ്രൂഷ ചെയ്യാൻ സമ്പൂർണ്ണമായി സമർപ്പിക്കപ്പെട്ടവരുമാണ് പുരോഹിതർ. |
| 5 | ആടുകൾക്കുവേണ്ടി ജീവൻ സമർപ്പിച്ച നല്ല ഇടയൻ ആരാണ്? | ഈശോ. |
| 6 | ഈശോയുടെ രക്ഷാകർമ്മം ലോകാവസാനം വരെ തുടരുന്നതിനുള്ള ദൗത്യം അവിടുന്ന് ആരെയാണ് ഭരമേൽപ്പിച്ചത്? | ശ്ലീഹന്മാരെ. |
| 7 | സഭയിൽ പൗരോഹിത്യപദവി നൽകപ്പെടുന്നത് ആരിലൂടെയാണ്? | ശ്ലീഹന്മാരുടെ പിൻഗാമികളായ മെത്രാന്മാരുടെ കൈവയ്പ്പു ശുശ്രൂഷ വഴി. |
| 8 | ജനങ്ങളിൽ നിന്ന് ജനങ്ങൾക്കുവേണ്ടി പ്രത്യേകമായി തെരഞ്ഞെടുക്കപ്പെട്ട് നിയോഗിക്കപ്പെടുന്ന വ്യക്തി ആരാണ്? | പുരോഹിതൻ. |
| 9 | പുരോഹിതൻ' എന്ന വാക്കിന്റെ അർത്ഥമെന്ത്? | മുൻപിൽ വയ്ക്കപ്പെട്ടവൻ. |
| 10 | പുരോഹിതനായി അഭിഷേകം ചെയ്യപ്പെടുന്ന വ്യക്തി സഭയിൽ നിർവ്വഹിക്കേണ്ട ധർമ്മങ്ങൾ ഏവ? | പഠിപ്പിക്കുക, വിശുദ്ധീകരിക്കുക, നയിക്കുക. |
| 11 | പുരോഹിതൻ ഈ ദൗത്യങ്ങൾ നിർവ്വഹിക്കുന്നത് ഏതൊക്കെ ശുശ്രൂഷകളിലൂടെയാണ്? | സുവിശേഷപ്രഘോഷണം, കൂദാശകളുടെ പരികർമ്മം, അജപാലനം. |
| 12 | മെത്രാന്മാരെയും വൈദികരെയും അധികാരപ്പെടുത്തി നിയോഗിക്കുന്ന കൂദാശ ഏത്? | തിരുപ്പട്ടം. |
| 13 | **2. തിരുപ്പട്ടകൂദാശ എന്നാൽ എന്ത്?** | സുവിശേഷപ്രഘോഷണം, കൂദാശകളുടെ പരികർമ്മം, അജപാലനം എന്നിവ വഴി ദൈവജനത്തിന് ശുശ്രൂഷ ചെയ്യുന്നതിനുവേണ്ടി മെത്രാന്മാരെയും വൈദികരെയും കൃപാവരം നൽകി അധികാരപ്പെടുത്തി നിയോഗിക്കുന്ന കൂദാശയാണ് തിരുപ്പട്ടം. |

| | ചോദ്യം | ഉത്തരം |
|---|---|---|
| 14 | **3. പുരോഹിതന്റെ പ്രധാന കടമകൾ ഏതെല്ലാം?** | ദൈവജനത്തെ പഠിപ്പിക്കുക, വിശുദ്ധീകരിക്കുക, നയിക്കുക എന്നിവയാണ് പുരോഹിതന്റെ പ്രധാന കടമകൾ. സുവിശേഷപ്രഘോഷണം, കൂദാശകളുടെ പരികർമ്മം, അജപാലനം എന്നീ ശുശ്രൂഷകളിലൂടെയാണ് പുരോഹിതൻ ഈ ദൗത്യങ്ങൾ നിർവ്വഹിക്കുന്നത്. |
| 15 | നിത്യപുരോഹിതൻ ആരാണ്? | ഈശോ. |
| 16 | നാം എല്ലാവരും ഈശോയുടെ പൗരോഹിത്യത്തിൽ പങ്കുപറ്റുന്നത് ഏത് കൂദാശയിലൂടെയാണ്? | മാമ്മോദീസായിലൂടെ. |
| 17 | മാമ്മോദീസായിലൂടെ ലഭിക്കുന്ന എല്ലാവർക്കുമുള്ള പൗരോഹിത്യത്തെ എന്തു വിളിക്കുന്നു? | പൊതുപൗരോഹിത്യം അഥവാ രാജകീയ പൗരോഹിത്യം. |
| 18 | **4. പൊതുപൗരോഹിത്യം എന്നാലെന്ത്?** | നിത്യപുരോഹിതനായ ഈശോയുടെ പൗരോഹിത്യത്തിൽ മാമ്മോദീസായിലൂടെ സഭാമക്കളായ നാം എല്ലാവരും പങ്കുപറ്റുന്നുണ്ട്. ഇതിനെയാണ് പൊതുപൗരോഹിത്യം അഥവാ രാജകീയ പൗരോഹിത്യം എന്ന് പറയുന്നത്. തിരുവചനങ്ങൾ പഠിച്ചും പഠിപ്പിച്ചും, വി. കുർബാന ഉൾപ്പെടെയുള്ള കൂദാശകളിൽ പങ്കുചേർന്നും, മാതൃകാപരമായ ജീവിതം നയിച്ചുമാണ് നാം ഈ പൗരോഹിത്യത്തിന്റെ ദൗത്യം നിർവ്വഹിക്കുന്നത്. |
| 19 | പുരോഹിതജനമായ സമൂഹത്തിന് ശുശ്രൂഷ ചെയ്യാൻ അവരിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്നവരുടെ പൗരോഹിത്യത്തെ എന്തു വിളിക്കുന്നു? | ശുശ്രൂഷാപൗരോഹിത്യം. |
| 20 | തിരുപ്പട്ട കൂദാശയിലെ പ്രധാന ഭാഗം ഏത്? | കൈവയ്പ്പു ശുശ്രൂഷ. |
| 21 | ബലിയർപ്പിക്കാൻ നിയോഗിക്കുന്നതിന്റെ അടയാളമായി തിരുപ്പട്ടത്തിൽ വൈദികന് നൽകുന്നതെന്ത്? | തിരുവസ്ത്രങ്ങൾ അണിയിക്കുന്നു. |
| 22 | സുവിശേഷപ്രഘോഷണ ദൗത്യത്തിനായി തിരുപ്പട്ടത്തിൽ വൈദികന് നൽകുന്നതെന്ത്? | വിശുദ്ധഗ്രന്ഥം. |
| 23 | ഈശോയുടെ രക്ഷാകരദൗത്യം തുടരുവാൻ സഭയ്ക്ക് നൽകിയ പ്രത്യേക അനുഗ്രഹം ഏത്? | തിരുപ്പട്ടം എന്ന കൂദാശ. |
| 24 | തിരുസഭയിലെ പുരോഹിതരോടുള്ള നമ്മുടെ കടമ എന്താണ്? | അവരെ ബഹുമാനിക്കുകയും പുരോഹിതദൈവവിളികൾക്കായി പ്രാർത്ഥിക്കുകയും വേണം. |
| **B.** | പ്രധാന ബൈബിൾ വാക്യങ്ങൾ | |
| 1 | തന്നോടുകൂടെ ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയക്കുന്നതിനും പിശാചുക്കളെ ബഹിഷ്കരിക്കുവാൻ അധികാരം നൽകുന്നതിനുമായി പന്ത്രണ്ടുപേരെ നിയോഗിച്ചു. (മർക്കോസ് 3:15) | |
| 2 | ഓരോ പ്രധാനപുരോഹിതനും മനുഷ്യരുടെയിടയിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ട്, പാപങ്ങൾക്കു പരിഹാരമായി ബലികളും കാഴ്ചകളും അർപ്പിക്കാൻ ദൈവീകകാര്യങ്ങളിൽ മനുഷ്യർക്കുവേണ്ടി നിയമിക്കപ്പെടുന്നു. (ഹെബ്രായർ 5:1) | |